**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 910** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>കണ്ണമ്പ്ര - മണപ്പാടം റോഡ് നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പി. സുമോദ് ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര-മണപ്പാടം റോഡ് നവീകരണ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മണപ്പാടം - കണ്ണമ്പ്ര റോഡിൽ 1കി.മീറ്റർ നീളത്തിൽ ബി.എം & ബി.സി. നിലവാരത്തിൽ നവികരിക്കുന്നതിനും ഇതിൽ 200 മീറ്റർ നീളത്തിൽ ജി.എസ്.ബി., ഡബ്ല്യൂഎം.എം. എന്നിവ ഉപയോഗിച്ച് റോഡ് ബലപ്പെടുത്തുന്നതിനുള്ള പ്രവൃത്തിയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രവൃത്തി നടത്തുന്ന തിനായി കരാറുകാരൻ 06.11.2025 - ൽ സ്ഥലം കൈമാറിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിന്റെ ഭാഗമായി ഇനിഷ്യൽ ലെവൽ എടുത്ത് അംഗീകരിക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ച വരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ JJM (ജൽ ജീവൻ മിഷൻ ) പദ്ധതിയുമായി ബന്ധപ്പെട്ട റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ കഴിഞ്ഞ ഏപ്രിൽ മാസത്തിലാണ് വാട്ടർ അതോറിറ്റി പൂർത്തികരിച്ചിട്ടുള്ളത്. എന്നാൽ ബിറ്റുമിൻ വിലയിലെ വൻ വർദ്ധനവ് കാരണം ടാറിംഗ് പ്രവൃത്തി ആരംഭിക്കുന്നതിന് കരാറുകാരൻ വിമുഖത കാണിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

**സെക്ഷൻ ഓഫീസർ**